DISPATCHED
22/06/2020
20/2/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


ഹർജി നമ്പർ **AP. 3087(7)/2014**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **19170**/എസ്.ഐ.സി-ജി 6/14)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.വിജയൻ പി.,
'വിജയ്', നിയർ മുൻസിഫ് കോർട്ട്,
പി.ഒ.തളിപ്പറമ്പ്, കണ്ണൂർ ജില്ല,
പിൻ - 670 141.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സബ് രജിസ്ട്രാർ ഓഫീസ്,
മാതമംഗലം, കണ്ണൂർ ജില്ല.

2. അപ്പീൽ അധികാരി&
ജില്ലാ രജിസ്ട്രാർ (ജനറൽ),
ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്
മാതമംഗലം പി.ഒ., കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18.10.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25.10.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 31.10.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 18.11.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 05.12.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 08.12.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 21.01.2020 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.വിജയൻ പി., 05.12.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 08.12.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.3087(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 1911 മുതലുള്ള ഓഫീസ് രേഖകൾ പരിശോധിക്കുന്നതിന് 2000/- രൂപ തെരച്ചിൽ ഫീസിനത്തിൽ ഒടുക്കുവാൻ ആവശ്യപ്പെട്ടുവെന്നും തുടർന്ന് സമർപ്പിച്ച അപ്പീലിനും ഫീസ്സടയ്ക്കാനാണ് ആവശ്യപ്പെട്ടതെന്നും കമ്പ്യൂട്ടർ വൽക്കരിച്ച ഓഫീസിൽ നിന്ന് ടിയാൻ ആവശ്യപ്പെട്ട രജിസ്ട്രേഷൻ നമ്പർ കമ്പ്യൂട്ടർ ഡാറ്റയിൽ നിന്നും അനുവദിച്ചു നൽകണമെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 18.10.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 25.10.2014ന് മറുപടി നൽകിയതായും ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 31.10.2014ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 18.11.2014ന് മറുപടി നൽകിയതായും കാണുന്നു.

4. 06.01.2015ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ 1911 മുതൽ 1.10.2010വരെയുള്ള ആഫീസ് രേഖകൾ തെരഞ്ഞുനോക്കി കണ്ടുപിടിക്കേണ്ടവയായതിനാൽ ആയത് ലഭ്യമാക്കുന്നതിനായി കേരള രജിസ്ട്രേഷൻ ഫീസ് പട്ടിക ആർട്ടിക്കിൾ XI(a)(2) പ്രകാരം തെരച്ചിൽ ഫീസ് ഒടുക്കേണ്ടതാണെന്നു കാണിച്ചുകൊണ്ട് എസ്.പി.ഐ.ഒ മറുപടി നൽകിയെന്നാണ്. ടി മറുപടിയ്ക്കെതിരെ ടിയാൻ അപ്പീൽ സമർപ്പിക്കുകയും കമ്മീഷന്റെ തന്നെ 31.07.2006ലെ 1340/SIC/Gen/2006 ഉത്തരവിനെ ആസ്പദമാക്കി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ പുറപ്പെടുവിച്ച സർക്കുലറിന്റെ അടിസ്ഥാനത്തിലാണ് സബ് രജിസ്ട്രാർ പ്രവർത്തിച്ചിട്ടുള്ളതെന്നും ടിയാന് ആവശ്യമെങ്കിൽ ആഫീസ് രേഖകൾ പരിശോധിച്ച് ആവശ്യമായ വിവരങ്ങൾ കണ്ടെത്താവുന്നതാണെന്നും ആയതിന് പരിശോധനാ ഫീസൊടുക്കണമെന്നും മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. കൂടാതെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസ് ആരംഭിച്ച 1911 മുതൽ തെരഞ്ഞുനോക്കേണ്ടതാ

ണെന്നും രജിസ്ട്രാർ ഓഫീസുകളിലെല്ലാം 1990–92 കാലയളവിനു ശേഷമുള്ള ഡാറ്റകൾ മാത്രമാണ് കമ്പ്യൂട്ടറിൽ ലഭ്യമായിട്ടുള്ളതെന്നും അതിനുമുമ്പുള്ള രേഖകൾ മാന്വൽ പ്രകാരമുള്ള തെരച്ചിൽ വഴിയാണ് കണ്ടെത്തുന്നതെന്നുമാണ്. കൂടാതെ ആധാരങ്ങളുടെ പകർപ്പുകൾ കമ്പ്യൂട്ടറിൽ സൂക്ഷിച്ചു വരുന്നില്ലെന്നും ഹർജിക്കാരന് ആവശ്യമെങ്കിൽ ടി ഓഫീസിലെ രേഖകളും രജിസ്റ്ററുകളും പരിശോധിക്കാവുന്നതും രജിസ്ട്രേഷൻ നിയമപ്രകാരം നിശ്ചയിക്കപ്പെട്ട ഫീസ് ഈടാക്കാൻ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ ബാധ്യസ്ഥനാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, 1911 മുതൽ 2010വരെയുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നതെന്നും 2000/– രൂപ തെരച്ചിൽ ഫീസ് ഒടുക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നതെന്നും നിയമപ്രകാരമുള്ള ഫീസാണ് ആവശ്യപ്പെട്ടതെന്നുമാണ്. എന്നാൽ ഇപ്പോൾ തെരച്ചിൽ ഫീസ് ഈടാക്കാൻ പാടില്ല എന്നും സുപ്രീം കോടതി വിധി പ്രകാരം ടിയാൻ ആവശ്യപ്പെട്ട വിവരം ഓഫീസിൽ ലഭ്യമാണെങ്കിൽ വിവരാവകാശ നിയമപ്രകാരമുള്ള ഫീസൊടുക്കി കൈപ്പറ്റാൻ ആവശ്യപ്പെട്ട് കത്തു നൽകണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 20–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/